(ഡി) കാർഷിക കണക്ഷനുകൾ പരിശോധിക്കുകയും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തിവരികയും പരിശോധനയിൽ ദുരുപയോഗം കണ്ടെത്തിയവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. . കാർഷികാവശ്യത്തിനുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.റ്റി. എസ്.-ന്റെ 13 സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം നടത്തുന്ന പരിശോധനകളിൽ കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകൾ പരിശോധിക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. കൂടാതെ ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് കാർഷിക കണക്ഷനുകൾ മാത്രമായി ഊർജ്ജിത പരിശോധനകളും നടത്തുന്നുണ്ട്. ഇതിനുപുറമേ എ.പി.റ്റി.എസ്.-ന്റെ മേധാവി കൂടിയായ ചീഫ് വിജിലൻസ് ഓഫീസർ പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ഇത്തരം കണക്ഷനുകൾ ദുരുപയോഗം നടത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടി പ്രസ്താവനകൾ നടത്തുകയും ചെയ്യുവരുന്നു.

വൈദ്യുതി നിരക്ക് വർദ്ധന

27 (4018) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വിശദമാക്കുമോ ?

ഉത്തരം

2012 ജൂലൈ ഒന്നാം തീയതി മുതൽ 2013 മേയ് ഒന്നാം തീയതി മുതലും, 2014 ആഗസ്റ്റ് 16-ാം തീയതി മുതലും 'മൂന്ന് പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവുകൾ ശതമാനത്തിൽ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.*

വൈദ്യുതി ഉല്പാദനം

28 (4019) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനം എത്രയാണ്; ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly